**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4810** **13-03-2023 - ൽ മറുപടിയ്ക്ക്**

**കോങ്കയം കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം നിയോജക മണ്ഡലത്തിലെ കോഡൂർ പഞ്ചായത്തിലെ കോങ്കയം കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ജലജീവൻ മിഷൻ ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപെടുത്തി നടപ്പിലാക്കിയ പ്രവൃർത്തി വിശദാംശം ലഭ്യമാക്കുമോ; | (എ) | ഒന്നാംഘട്ടത്തിലെ പദ്ധതിയിൽ കോഡൂർ ഗ്രാമപഞ്ചായത്തിനായി 407 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. 1380 FHTC കളും വിതരണശൃംഖലയും ആണ് ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടിരുന്നത്. 31.03.2022ന് പ്രവൃത്തി പൂർത്തിയാക്കി. |
| (ബി) | എത്ര തുക ചെലവഴിച്ചിട്ടുള്ള പദ്ധതിയാണ് നടപ്പിലാക്കി വരുന്നതെന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പുതുതായി ജല ശുദ്ധീകരണശാല നിർമ്മിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | ഒന്നാംഘട്ടത്തിൽ 407 ലക്ഷം രൂപയും രണ്ടാംഘട്ടത്തിൽ 6445.26 ലക്ഷം രൂപയുമുള്ള പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. രണ്ടാംഘട്ട പ്രവൃത്തിയിൽ 8 MLD-യുടെ ശുദ്ധീകരണശാലയാണ് ഉള്ളത്. ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ട വികസന പദ്ധതികളിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇതിനായി സമർപ്പിച്ച 54 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വിശദീകരിക്കുമോ; | (സി) | രണ്ടാംഘട്ടത്തിൽ ജൽ ജീവൻ മിഷനിൽ 64.45 കോടി രൂപയുടെ പദ്ധതിക്കാണ് 18/09/2021 തീയതിയിൽ GO (Rt.) No. 489/2021 WRD നമ്പർ പ്രകാരം ഭരണാനുമതി നൽകിയത്. ആയതിന് സാങ്കേതികാനുമതി നൽകി പ്രവൃത്തി പുരോഗമിച്ചു വരുന്നു. ഇതിൽ 8 MLD ശുദ്ധീകരണ ശാലയും, Intake Well, Pumping house, 4536-FHTC, വിതരണ ശൃംഖല, Pumping main എന്നിവയാണ് നിർമ്മിക്കാൻ ഉള്ളത്. വിതരണ ശൃംഖലയുടേയും, ഗാർഹിക കണക്ഷനുകളുടേയും പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| (ഡി) | കോങ്കയം കുടിവെള്ള പദ്ധതിയുടെ കാലഹരണപ്പെട്ട പൈപ്പുകളും മോട്ടോറും മാറ്റി സ്ഥാപിച്ചിട്ടുണ്ടോയെന്ന വിശദാംശം നൽകുമോ; മുഴുവൻ പ്രവൃത്തികളും എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നിർദേശം നൽകുമോ; വിശദമാക്കുമോ? | (ഡി) | കോങ്കയം പദ്ധതിയുടെ മോട്ടോറുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തിയും പൈപ്പ്ലൈൻ ഭാഗികമായി മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും ഒന്നാംഘട്ട പദ്ധതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിലും പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ 2024 മാർച്ച് 31 നകം |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ